ശ്രീമതി കെ. ആർ. ഗൗരി : ഇല്ല.

ശ്രീ. എം. രാമുണ്ണി : മറ്റു ഗവണ്മെൻറു ജീവനക്കാക്കു കൊടുത്തിട്ടുള്ള സംഘടനാ സ്വാതന്ത്ര്യം ഈ വിഭാഗക്കാക്കു നിഷേധിക്കാൻ കാരണമെന്താണു്. മറേറതെങ്കിലും സ്റ്റേറിൽ അവർക്കു സംഘടനാസ്വാതന്ത്ര്യം ഉണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോഴം കൊടുക്കാനുദ്ദേശിക്കുന്നില്ല എന്നാണു് പറഞ്ഞതു്. കൊടുക്കണമോ വേണ്ടേ എന്നതിനെപ്പററി വേണമെങ്കിൽ നമുക്കെല്ലാവർക്കുംകൂടി ചർച്ച ചെയ്യാം.

(b) Written Answers :

പ്രൈവററു് കോളേജുകളിലെ രാഷ്ട്രീയ വിവേചനം.

* 61 (152) ശ്രീ. ടി. എം. മീതിയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല പ്രൈവററു് കോളേജുകളിലും രാഷ്ട്രീയ വിവേചനംവച്ചു് അഡ്മിഷൻ നിഷേധിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു് തടയുവാൻ എന്തെല്ലാം നടപടികളം സ്വീകരിച്ചിട്ടുണ്ടു് ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) കോതമംഗലം മാർ അത്തനേഷ്യസു് കോളേജധികൃതരെക്കുറിച്ചു് ഇത്തരത്തിൽ ഒരു പരാതി ഒരു പത്രക്കുറിപ്പുവഴി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) ഇക്കാര്യത്തിൽ യൂണിവേഴ്സിറിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്.

അഴിമതി നിവാരണം

* 62 (156) ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം അഴിമതി നിവാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളം എന്തെല്ലാം ;

(ബി) അഴിമതി സംബന്ധിച്ചു് ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ പേരിൽ അന്വേഷണമോ നടപടികളോ ഉണ്ടായിട്ടുണ്ടു് ;

(സി) മന്ത്രിമാരുടെ പേരിൽ അഴിമതിയാരോപണങ്ങളം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടികളം സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ) ഈ മന്ത്രിസഭ അധികാരത്തിൽവന്നതിനുശേഷം, കണ്ണൂർ, പാലക്കാടു്, ആലപ്പുഴ എന്നീ ജില്ലകളിൽ പുതുതായി വിജലൻസു് ഡിവിഷൻ പോലീസു് സ്റ്റേഷനുകളം ആരംഭിച്ചിട്ടുണ്ടു്. കൂടാതെ കേരള പബ്ലിക്മെൻ എൻകൂയറീസു് ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടു്.

(ബി) പൊതു താല്പര്യത്തെ മുൻനിറുത്തി വിവരം വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധനകാര്യവകുപ്പുമന്ത്രി, ആരോഗ്യമന്ത്രി, വനവും ഹരിജനക്ഷേമവും വകുപ്പുമന്ത്രി എന്നിവരെപ്പറ്റിയ അഴിമതിയാരോപണങ്ങളും പരിശോധിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിലുള്ള ചില ആരോപണങ്ങളും അന്വേഷണകമ്മീഷൻ നിയമമനുസരിച്ചുള്ള അന്വേഷണത്തിനു വിധേയമാക്കി. മറ്റുള്ളവരുടെ മേൽ വന്ന ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസ്സില്ലെന്നു കണ്ടതിനാൽ യാതൊരു നടപടിയും ചെയ്യേണ്ടതില്ലെന്നു നിശ്ചയിച്ചു.

മന്ത്രിമാരുടെ വകുപ്പു വിഭജനം

*63 (166) **ശ്രീ. പി. കുട്ടികൃഷ്ണൻ നായർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കുമ്പോഴും വകുപ്പുകളും വിഭജനം നടത്തിയിട്ടുള്ളതു് ഏതടിസ്ഥാനത്തിലാണു് ;

(ബി) ശ്രീ. പി. കെ. കുഞ്ഞുസാഹിബു് മന്ത്രിസ്ഥാനം രാജിവച്ചപ്പോഴും അദ്ദേഹം കൈകാര്യം ചെയ്തിരുന്ന വകുപ്പുകളും മറ്റാർക്കും വിട്ടുകൊടുക്കാതിരിക്കാൻ പ്രത്യേക വല്ല കാരണങ്ങളുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) സഹപ്രവർത്തകരുമായി ആലോചിച്ചു് മുഖ്യമന്ത്രി എടുത്ത തീരുമാനമനുസരിച്ചു്.

(ബി) താൽക്കാലികമായി മുഖ്യമന്ത്രി തന്നെ കൈകാര്യം ചെയ്യുന്നതാണു് ശരിയെന്നകാരണത്താൽ.

Withdrawal of Criminal Cases Against the Naxalites

*64 (167) **Shri U. P. Kunikullaya :** Will the Chief Minister be pleased to state :

(a) Is it true that the Government have given instructions to withdrawn the criminal cases against the Naxalites regarding the murder of Policeman in Pulpally and the attack on the Police station at Tellicherry.

(b) If so what are the reasons for withdrawing the cases ?

Chief Minister **Shri E. M. Sankaran Namboodiripad**

(a) No

(b) Does not arise.

കേരളാ മുഖ്യമന്ത്രിയും എ. കെ. ഗോപാലൻ എം. പി. യും ചേർന്നുള്ള സംയുക്ത പ്രസ്താവന

*65. [168] **ശ്രീ. കെ. എം. മാണി :** താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. ബി. ടി. രണദിവേയുടെ പ്രസ്താവനയെത്തുടർന്നു് കേരള മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും ശ്രീ. എ കെ. ഗോപാലൻ എം. പി. യും ചേർന്നു ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്):

മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പോളിറ്റു് ബ്യൂറോ അംഗങ്ങളെന്ന നിലയിൽ മുഖ്യമന്ത്രിയും ശ്രീ. എ. കെ. ഗോപാലൻ എം. പി. യും ചേർന്നു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പരിപാടി വിശദീകരിക്കുന്ന ഒരു സംയുക്ത പ്രസ്താവന ജൂലൈ 9-ാം തീയതി പുറപ്പെടുവിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly